**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി**

വികാസ് ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ് – ജീവനക്കാര്യം – റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ / എക്സ്റ്റൻഷൻ ഓഫീസർ (പി & എം) തസ്തികയിൽ സ്ഥലം മാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ശ്രീ.ഉണ്ണി.ആർ, സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടറുടെ 01/11/2018 ലെ അപേക്ഷ

2) ഈ ഓഫീസിലെ 16/10/2018 ലെ ഇതേ നമ്പർ ഉത്തരവ്.

**<u>ഉത്തരവ് നമ്പർ ഇ.ബി (2) 18/2018/ഡി.ഇ.എസ് തീയതി: 12/11/2018</u>**

തിരുവനന്തപുരം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ ആയ ശ്രീ.ഉണ്ണി.ആർ ഫീൽഡ് സേവനത്തിൽ തുടരുന്നതിനു പ്രയാസമുള്ളതിനാൽ സ്ഥലം മാറ്റം നൽകണമെന്നു പരാമർശം (1) പ്രകാരം അപേക്ഷിച്ചിട്ടുണ്ട്. ടി അപേക്ഷ പരിഗണിച്ച് ടിയാന് താഴെ പറയുന്നപ്രകാരം സ്ഥലംമാറ്റം നൽകുന്നു. കൂടാതെ ഈ വകുപ്പിൽ റിസർച്ച് അസിസ്റ്റന്റ് / സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ / എക്സ്റ്റൻഷൻ ഓഫീസർ (പി & എം) തസ്തികയിൽ അപേക്ഷ പ്രകാരവും ഭരണസൗകര്യാർത്ഥവുമുള്ള താഴെ പറയുന്ന സ്ഥലം മാറ്റങ്ങൾ ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | പേരും നിലവിലെ ഓഫീസും | സ്ഥലംമാറ്റം നൽകി നിയമിച്ച ഓഫീസ് |
|---|---|---|
| 1) | ശ്രീ.ഉണ്ണി.ആർ,<br>സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്,<br>തിരുവനന്തപുരം<br>(അപേക്ഷ പ്രകാരം) | റിസർച്ച് അസിസ്റ്റന്റ്,<br>കോളജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം<br>(ശ്രീമതി.പി.ജി.മായക്കു<br>സ്ഥലംമാറ്റം നൽകുന്ന ഒഴിവ്) |
| 2) | ശ്രീമതി.മായ.പി.ജി,<br>റിസർച്ച് അസിസ്റ്റന്റ്,<br>കോളജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം | റിസർച്ച് അസിസ്റ്റന്റ്,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്<br>ഡയറക്ടറേറ്റ്, തിരുവനന്തപുരം<br>(ശ്രീ.പി.രത്നകുമാറിനു<br>സ്ഥലംമാറ്റം നൽകുന്ന ഒഴിവ്) |
| 3) | ശ്രീ.രത്നകുമാർ.പി,<br>റിസർച്ച് അസിസ്റ്റന്റ്,<br>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്<br>ഡയറക്ടറേറ്റ്, തിരുവനന്തപുരം<br>(ഫീൽഡ് സേവന അപേക്ഷ പ്രകാരം) | സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്പെക്ടർ,<br>താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്,<br>തിരുവനന്തപുരം<br>(ശ്രീ.ആർ.ഉണ്ണിക്കു<br>സ്ഥലംമാറ്റം നൽകുന്ന ഒഴിവ്) |

സ്ഥലംമാറ്റപ്പെട്ടവരിൽ ഒരേ സ്റ്റേഷനിൽ ഒരു വർഷത്തെ സേവനം പൂർത്തിയാക്കാത്തവർക്ക് അവരുടെ അപേക്ഷ പ്രകാരമുള്ള മാറ്റമാണെങ്കിൽ യാത്രപ്പടിക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഓഫീസ് മേധാവികൾ സ്ഥലംമാറ്റം മുഖേന നിയമനം നൽകിയിട്ടുള്ള ജീവനക്കാരെ ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനുള്ളിലോ, പകരം ജീവനക്കാർ ജോലിക്ക് ഹാജരാകുകയോ ഏതാണോ ആദ്യം എന്ന മുറയ്ക്ക് വിടുതൽ ചെയ്യേണ്ടതാണ്. കൂടാതെ ജീവനക്കാരെ വിടുതൽ ചെയ്യുന്നതും പകരം ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

**(ഒപ്പ്)**
**ഷിബു.എ.റ്റി**
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :-

1) ഡയറക്ടർ, കോളജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2) ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്, തിരുവനന്തപുരം.
3) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർവിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
4) എല്ലാ അഡിഷണൽ ഡയറക്ടർമാർക്കും.
5) എല്ലാ സീനിയർ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർമാർക്കും.
6) ഫയൽ / സൂക്ഷിപ്പു ഫയൽ.

ഉത്തരവിൻ പ്രകാരം

**സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ (അഡ്മിനിസ്ട്രേഷൻ)**